(ഇ) പാലക്കാട് ജില്ലയിലുള്ള ഏതെല്ലാം ജലസേചന പദ്ധതികളും ജില്ലയിൽ കൂടി ഒഴുകുന്ന ഏതെല്ലാം നദികളും വെള്ളത്തിനായി പറമ്പിക്കുളം-ആളിയാർ പദ്ധതിയെ ആശ്രയിക്കേണ്ടതായി വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) പറമ്പിക്കുളം-ആളിയാർ നദീജല കരാറനുസരിച്ചുള്ള വെള്ളം കിട്ടുന്നപക്ഷം പാലക്കാടിന് ജലദൗർലഭ്യം ഉണ്ടാകാനിടയുണ്ടോയെന്ന് പരിശോധിക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ ഏഴ് ജലസേചന പദ്ധതികൾ ഉണ്ട്.

(ബി) ചിറ്റൂർപുഴ, ഗായത്രി (മീൻകര, ചുള്ളിയാർ), വാളയാർ, മലമ്പുഴ, മംഗലം, പോത്തുണ്ടി, കാഞ്ഞിരപ്പുഴ എന്നിവ.

(സി ആന്റ് ഡി) ചില വർഷങ്ങളിൽ ഭാഗികമായി മാത്രമേ ജലം നൽകുവാൻ കഴിയുന്നുള്ളൂ. മഴക്കുറവുമൂലം ജലസംഭരണികളിൽ ഒഴുകി എത്തുന്ന ജലത്തിന്റെ അളവ് ചില വർഷങ്ങളിൽ കുറയുന്നതുകൊണ്ടും ഭാഗികമായി കമ്മീഷൻ ചെയ്ത പദ്ധതിയിലെ കനാൽ നിർമ്മാണ പ്രവൃത്തികൾ മുഴുവനായി പൂർത്തിയാക്കാത്തതിനാലുമാണ് കൃഷിക്കാവശ്യമായ ജലം നൽകുവാൻ കഴിയാത്തത്.

(ഇ) ഗായത്രി, കുരിയാർകുറ്റി, കാരപ്പാറ, ചിറ്റൂർപുഴ എന്നീ പദ്ധതികളും കണ്ണാടിപ്പുഴയും വെള്ളത്തിനായി പറമ്പിക്കുളം-ആളിയാർ പദ്ധതിയെ ആശ്രയിക്കുന്നു.

(എഫ്) പരിശോധിക്കാവുന്നതാണ്.

കല്ലറ, പാങ്ങോട് പഞ്ചായത്തുകളിൽ ജലവിതരണ പദ്ധതിയുടെ നിർമ്മാണം

73 [230] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ, പാങ്ങോട് പഞ്ചായത്തുകൾക്കുവേണ്ടി വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലെത്തി എന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ, പാങ്ങോട് പഞ്ചായത്തുകൾക്കുവേണ്ടി നടപ്പിലാക്കുന്ന കല്ലറ-പാങ്ങോട് ശുദ്ധജലവിതരണ പദ്ധതിയുടെ കിണറിന്റേയും പമ്പ് ഹൗസിന്റേയും പണികൾ 90% പൂർത്തീകരിച്ചു. ട്രാൻസ്ഫോർമറും പമ്പും ടെണ്ടർ ചെയ്തുകഴിഞ്ഞു. ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി പൂർത്തിയായി. പമ്പിംഗ് മെയിനിന്റെ പണി ടേൺ കീ അടിസ്ഥാനത്തിൽ ടെണ്ടർ ചെയ്തു. ബാക്കിയുള്ള പ്രധാന പൈപ്പ് ലൈനിന്റെ പണികൾ നടന്നുവരുന്നു. വിതരണ ലൈനുകൾക്കുള്ള പൈപ്പുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഈ പദ്ധതി 2006 മാർച്ച് മാസത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ചീക്കോട് ശുദ്ധജല വിതരണ പദ്ധതി

74 [231] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീക്കോട് ശുദ്ധജലവിതരണ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഫറോക്ക് ഓവർ ഹെഡ് ടാങ്കിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(സി) പ്രസ്തുത ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കാൻ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സമയബന്ധിതമായി ഈ പ്രോജക്ട് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചീക്കോട് ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പ്രധാന ഘടകങ്ങളുടെ പുരോഗതി താഴെ വിവരിക്കുന്ന പ്രകാരമാണ്.

1. കിണറിന്റേയും പമ്പ് ഹൗസിന്റേയും പണിയുടെ ഏകദേശം 90% പൂർത്തീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly